പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 7223

16/07/2012-ൽ മറുപടി
നല്കേണ്ടിയിരുന്നത്

## മലയാറ്റൂർ വില്ലേജിലെ ഇല്ലിത്തോട്ടിൽ കൂട്ടുകൃഷി ഫാം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) അങ്കമാലി നിയോജകമണ്ഡലത്തിലെ മലയാറ്റൂർ വില്ലേജിലെ ഇല്ലിത്തോട്ടിൽ കൂട്ടുകൃഷി ഫാമിനായി എത്ര ഏക്കർ ഭൂമിയായിരുന്നു അനുവദിച്ചിരുന്നത്; ഇത് എത്ര പേർക്കായിട്ടാണ് അനുവദിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) 22/09/1972 ലെ ജി.ഒ.(എം.എസ്) 311/72/AD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കൂട്ടുകൃഷി ഫാമിന് 537.690 ഹെക്ടർ വനഭൂമി നീക്കിവെയ്ക്കുകയും ആയത് അഗ്രിക്കൾച്ചറൽ ഡിപ്പാർട്ട്മെന്റിന് ട്രാൻസ്ഫർ ചെയ്തുകൊടുത്തിട്ടുള്ളതുമാണ് എന്നും 250 കുടുംബങ്ങളെ ഉൾപ്പെടുത്തി ഒരു കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിച്ച് കൂട്ടുകൃഷി നടത്തുന്നതിന് ഭൂമിയുടെ ഉപയോഗം പ്രസ്തുത സൊസൈറ്റിയെ ഏല്പിച്ചിട്ടുള്ളതുമാണ്. |
| (ബി) ഇപ്രകാരം അനുവദിച്ച ഭൂമിയിൽ നിന്ന് എത്ര പേർക്ക് പട്ടയം നൽകിയിട്ടുണ്ട്; ബാക്കിയുള്ളവർക്ക് പട്ടയം നൽകുന്നതിന് തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) 24/07/1979ലെ ജി.ഒ.(എം.എസ്) 309/79/എഡി സർക്കാർ ഉത്തരവ് പ്രകാരം 236 പേർക്ക് ഒരു ഹെക്ടർ 10 സെന്റ് വീതം ആകെ 292.1320 ഹെക്ടറും, പിന്നീട് വിവിധ ഉത്തരവുകൾ പ്രകാരം കൈവശക്കാർക്ക് 53.0685 ഹെക്ടർ ഭൂമിയും പട്ടയം നല്കിയിട്ടുണ്ട്. കൂട്ടുകൃഷി ഫാമിനായി അനുവദിച്ചിട്ടുള്ളവരിൽ മുഴുവൻ പേർക്കും പട്ടയം നല്കിയിട്ടുള്ളതുമാണ്. |
| (സി) കൂട്ടുകൃഷി ഫാമിനായി അനുവദിച്ചതിൽ എത്ര ഏക്കർ ഭൂമി പട്ടയം അനുവദിക്കാതെ ബാക്കിയുണ്ട്; ഇവിടെ കൈയ്യേറി അനധികൃതമായി കൃഷി ചെയ്യുന്നവർക്ക് പട്ടയം അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (സി)യും(ഡി)യും<br>കൂട്ടുകൃഷി ഫാം സർക്കാർ നിർത്തലാക്കിയതിനെ തുടർന്ന് ബെറ്റർ ഫാമിങ് സഹകരണ സംഘം 02/10/1982 മുതൽ പ്രവർത്തനമാരംഭിച്ചു. ടി സംഘത്തിൻ കീഴിൽ 82.98 ആർ ഭൂമി |

(ഡി) എങ്കിൽ ഇത് ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

ബാക്കിയുള്ളതാണ്. നാളിതുവരെ കൈയേറ്റക്കാർക്ക് 53.0685 ഹെക്ടർ പതിച്ച നല്കിയിട്ടുള്ളതാണ്. 57.74.65 ഹെക്ടർ ഭൂമി ബാക്കിയുള്ളതാണ്. ഉത്തരവിൻപടി ഫോറസ്റ്റ് വകുപ്പിന്റെ കീഴിൽ 62.32 ഹെക്ടർ ഭൂമിയുണ്ട്. സെൻട്രൽ യൂണിവേഴ്സിറ്റി, ബി. എസ്.എഫ്. മുതലായ സ്ഥാപനങ്ങൾക്കുവേണ്ടി പുറമ്പോക്ക് ഭൂമിയുടെ ലഭ്യത സംബന്ധിച്ച് തുടർച്ചയായ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നതിനാലും ഉന്നത ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തിയതിനാലുമാണ് ബാക്കി അപേക്ഷകൾ പരിഗണിക്കാതെ പോയത്. സർക്കാരിന്റെ 27/07/2011ലെ ജി.ഒ. (എം.എസ്) 280/11 നമ്പർ ഉത്തരവ് പ്രകാരം മറ്റ് ഭൂമിയില്ലാത്തവർക്ക് താമസ ആവശ്യത്തിനായി മാത്രം 15 സെന്റിൽ താഴെ ഭൂമി മാത്രമേ പതിച്ച് നല്കാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(ഇ) ഈ പ്രദേശത്ത് പൊതു ആവശ്യങ്ങൾക്കായി ഭൂമി ലഭ്യമാക്കാൻ സാധിക്കുമോ?

(ഇ) പൊതു ആവശ്യത്തിനായി മലയാറ്റൂർ വില്ലേജിൽ കൂട്ടുകൃഷി ഫാം വക ഭൂമി നീക്കി വെച്ചിട്ടില്ലാത്തതാണ്.

സെക്ഷൻ ഓഫീസർ